## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.T.358 31.01.2014-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.കെ.രാജു<br>ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ. കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

### സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| (എ)<br>സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്ക്കരണം കേന്ദ്രമാതൃകയിലാക്കണമെന്ന് 14-ാം ധനകാര്യകമ്മീഷനിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശമുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തെ തുടർന്ന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്ക്കരണം കേന്ദ്രമാതൃകയിലാക്കണമെന്ന് 14-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടില്ല. |
| (ബി)<br>കേന്ദ്രസർവ്വീസിലെയും സംസ്ഥാനസർവ്വീസിലെയും ശമ്പളം സംബന്ധിച്ച് താരതമ്യം നടത്തണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ താരതമ്യ പഠനത്തിനുള്ള എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | സംസ്ഥാന ശമ്പള ഘടനയും (സംസ്ഥാന പേറിവിഷൻ കമ്മീഷൻ) ആറാം കേന്ദ്ര ശമ്പള കമ്മീഷന്റെ ശമ്പള ഘടനയും താരതമ്യം ചെയ്ത് വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് 14-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി)<br>സംസ്ഥാനത്ത് താഴ്ന്ന ശമ്പളവും ഉയർന്ന ശമ്പളവും തമ്മിലുള്ള അനുപാതം എത്രയാണെന്നും കേന്ദ്രസർവ്വീസിൽ പ്രസ്തുത അനുപാതം എത്രയാണെന്നും വിശദമാക്കുമോ? | സംസ്ഥാന താഴ്ന്ന ശമ്പളവും ഉയർന്ന ശമ്പളവും 1 : 7 അനുപാതത്തിൽ ആണ്. കേന്ദ്രസർവ്വീസിൽ പ്രസ്തുത അനുപാതം 1 : 12 ആണ്. |

അക്കൗണ്ട്സ് ഓഫീസർ